സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 07 2025 മാർച്ച് 10 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'ലൗജിഹാദിലൂടെ മീനച്ചിൽ താലൂക്കിൽ മാത്രം നഷ്ടമായത് 400 പെൺകുട്ടികളെ'; വീണ്ടും വിവാദ പരാമർശവുമായി പി സി ജോർജ്

കോട്ടയം: മീനച്ചിൽ താലൂക്കിൽ മാത്രം ലൗജിഹാദിലൂടെ നാനൂറോളം പെൺകുട്ടികളെ നഷ്ടമായെന്ന് മുൻ എംഎൽഎ പി സി ജോർജ്. ക്രിസ്ത്യാനികൾ അവരുടെ പെൺമക്കളെ ഇരുപത്തിനാല് വയസാകുമ്പോഴേക്ക് വിവാഹം കഴിച്ചയക്കണമെന്നും അദ്ദേഹം പറഞ്ഞു. ലഹരി ഭീകരതയുമായി ബന്ധപ്പെട്ട് നടന്ന പരിപാടിയിൽ സംസാരിക്കവേയാണ് പി സി ജോർജ് വിവാദ പ്രസ്താവന നടത്തിയത്. പ്രസംഗത്തിന്റെ വീഡിയോയും സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

'മറിച്ചൊരു വിധി പ്രതീക്ഷിച്ചിരുന്നോ'; സംസ്ഥാന സമ്മേളനത്തിന് പിന്നാലെ സിപിഎമ്മിൽ പൊട്ടലും ചീറ്റലും

കണ്ണൂർ: സി.പി.എം. സംസ്ഥാന സമ്മേളനം പൂർത്തിയായതിനു പിന്നാലെ സംസ്ഥാന സമിതിയിലെ അംഗത്വത്തെ ചൊല്ലി പല കോണുകളിൽനിന്നും അതൃപ്തി ഉയരുന്നുണ്ട്. എ.പദ്മകുമാർ, പി. ജയരാജൻ, മേഴ്സിക്കുട്ടിയമ്മ തുടങ്ങിയവരെ തഴഞ്ഞതിൽ അമർഷം ഉയരുന്നതിനിടെ ചർച്ചയായി ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് എൻ. സുകന്യയുടെ ഫെയ്സ്ബുക്ക് പോസ്റ്റും.

കഴിഞ്ഞദിവസം ഫെയ്സ്ബുക്കിൽ പ്രൊഫൈൽചിത്രം മാറ്റിയതിനൊപ്പം എൻ. സുകന്യ പങ്കുവെച്ച കുറിപ്പാണ് സാമൂഹികമാധ്യമങ്ങളിൽ ചർച്ചയാകുന്നത്. 'ഓരോ അനീതിയിലും നിങ്ങൾ കോപത്താൽ വിറയ്ക്കുന്നുണ്ടെങ്കിൽ നിങ്ങൾ എന്റെ സഖാവാണ്– ചെഗുവേര' എന്നാണ് സുകന്യ ചിത്രത്തിനൊപ്പം പങ്കുവെച്ച കുറിപ്പ്.

സി.പി.എം സംസ്ഥാന സമ്മേളനം പൂർത്തിയായി, സംസ്ഥാന സമിതി അംഗങ്ങളുടെ പട്ടിക പുറത്തുവന്നതിനു പിന്നാലെയായിരുന്നു സുകന്യയുടെ പോസ്റ്റ്. ഇതിനു പിന്നാലെ തൃശ്ശൂരിലെ മുതിർന്ന നേതാവ് യു.പി. ജോസഫിനൊപ്പമുള്ള ചിത്രവും സുകന്യ ഫേയ്സ്ബുക്കിൽ പങ്കുവെച്ചിട്ടുണ്ട്. ജോസഫിന് ജന്മദിനാശംസ നേർന്നുകൊണ്ടായിരുന്നു പോസ്റ്റ്.

കണ്ണൂരിൽനിന്ന് സി.പി.എം. സംസ്ഥാന സമിതിയിലെത്തുമെന്ന് ഏറെ പ്രതീക്ഷയുണ്ടായിരുന്ന നേതാവായിരുന്നു എൻ.സുകന്യ. ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് കൂടിയായ എൻ. സുകന്യയെ കണ്ണൂരിലെ വനിതാ പ്രാതിനിധ്യമെന്നനിലയിൽ സംസ്ഥാന സമിതിയിൽ ഉൾപ്പെടുത്തുമെന്നാണ് ഏവരും കരുതിയിരുന്നത്. എന്നാൽ, ജോൺ ബ്രിട്ടാസ്, വി.കെ.സനോജ്, ബിജു കണ്ടക്കൈ, എം.പ്രകാശൻ എന്നിവരാണ് കണ്ണൂരിൽനിന്ന് പുതുതായി സി.പി.എം. സംസ്ഥാന സമിതിയിലെത്തിയത്.

തൃശ്ശൂരിൽനിന്ന് സംസ്ഥാന സമിതിയിലേയ്ക്ക് എത്തിയേക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ട നേതാവായിരുന്നു യു.പി. ജോസഫും. എന്നാൽ, മന്ത്രി ആർ. ബിന്ദുവിനെയാണ് തൃശ്ശൂരിൽ നിന്ന് സംസ്ഥാന സമിതിയിൽ ഉൾപ്പെടുത്തിയത്.

അതേസമയം, തന്റെ ഫെയ്സ്ബുക്ക് കുറിപ്പിന് മറ്റുവ്യാഖ്യാനങ്ങളൊന്നും ഇല്ലെന്നായിരുന്നു എൻ.സുകന്യയുടെ പ്രതികരണം. ചിത്രത്തിനൊപ്പം ചെഗുവേരയുടെ വാക്കുകളും എഴുതിയന്നേയുള്ളൂവെന്നും അവർ മാധ്യമങ്ങളോട് പ്രതികരിച്ചു.

അതിനിടെ, പി. ജയരാജനെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉൾപ്പെടുത്താതിരുന്നതിന് പിന്നാലെ അദ്ദേഹത്തിന്റെ മകൻ ജെയിൻ രാജ് വാട്സാപ്പിൽ പങ്കുവെച്ച സ്റ്റാറ്റസും ചർച്ചയായി. സി.പി.എം. നേതാവ് എം.സ്വരാജ് 2019-ൽ ഫെയ്സ്ബുക്കിൽ പങ്കുവെച്ച 'വർത്തമാനകാല ഇന്ത്യയിൽ മറിച്ചൊരു വിധിയുണ്ടാകുമെന്ന് നിഷ്കളങ്കരേ നിങ്ങളിപ്പോഴും പ്രതീക്ഷിച്ചിരുന്നുവോ' എന്ന പോസ്റ്റാണ് ജെയിൻ രാജ് തന്റെ വാട്സാപ്പ് സ്റ്റാറ്റസാക്കിയത്. എം. സ്വരാജിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിന്റെ സ്ക്രീൻഷോട്ടായിരുന്നു ജെയിൻ രാജ് വാട്സാപ്പ് സ്റ്റാറ്റസാക്കി പോസ്റ്റ് ചെയ്തത്.

സി.പി.എം. സംസ്ഥാന സമിതിയിൽനിന്ന് തഴഞ്ഞതിനെതിരേ പത്തനംതിട്ടയിലെ മുതിർന്ന നേതാവ് എ.പദ്മകുമാർ പരസ്യമായി രംഗത്തെത്തിയിരുന്നു. മന്ത്രി വീണാ ജോർജിനെ സംസ്ഥാന സമിതിയിലെ പ്രത്യേക ക്ഷണിതാവാക്കിയതിലും അദ്ദേഹം അതൃപ്തി പരസ്യമാക്കിയിരുന്നു. പി. ജയരാജനെ സംസ്ഥാന സെക്രട്ടേറിയറ്റിലേക്ക് പരിഗണിക്കാതിരുന്നതിലും സാമൂഹികമാധ്യമങ്ങളിൽ വിമർശനങ്ങളുയരുന്നുണ്ട്.

തീവണ്ടി വരുന്നതിനു മുൻപു മാത്രം സ്റ്റേഷനുള്ളിലേക്ക് പ്രവേശനം, അതും കൺഫേംഡ് ടിക്കറ്റുകാർക്ക് മാത്രം

ന്യൂഡൽഹി: രാജ്യത്തെ തിരക്കേറിയ 60 റെയിൽവേ സ്റ്റേഷനുകളിൽ സ്റ്റേഷന് പുറത്ത് കാത്തിരിപ്പുകേന്ദ്രം തുറക്കാൻ തീരുമാനം. തീവണ്ടി വരുന്നതിനുമുൻപ് മാത്രം കാത്തിരിപ്പുകേന്ദ്രത്തിൽനിന്ന് യാത്രക്കാരെ സ്റ്റേഷനുള്ളിലേക്ക് പ്രവേശിപ്പിക്കും. ന്യൂഡൽഹി, വാരാണസി, ആനന്ദ് വിഹാർ, അയോധ്യ, പട്ന സ്റ്റേഷനുകളിലാണ് ഇത് ആദ്യം നടപ്പാക്കുക. പ്ലാറ്റ്ഫോമിലേക്ക് കൺഫേംഡ് ടിക്കറ്റുകാർക്കു മാത്രമായിരിക്കും പ്രവേശനം. വെയിറ്റിങ് ലിസ്റ്റ് ടിക്കറ്റുകാർ പുറത്തെ കേന്ദ്രത്തിൽ കാത്തിരിക്കണം. സ്റ്റേഷന്റെ ശേഷിക്കും തീവണ്ടികളുടെ ലഭ്യതയ്ക്കും അനുസരിച്ചുമാത്രം ടിക്കറ്റ് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെ തിക്കിലും തിരക്കിലും യാത്രക്കാർ മരിച്ചതിന്റെ പശ്ചാത്തലത്തിൽ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ വാർ റൂമുകൾ സജ്ജമാക്കും, മേൽനടപ്പാതകൾ 12 മീറ്റർ വീതിയിലും ആറുമീറ്റർ വീതിയിലുമാക്കും, സ്റ്റേഷനുള്ളിലും പുറത്തും കൂടുതൽ ക്യാമറകൾ സ്ഥാപിക്കും, വാക്കി ടോക്കികൾ, അനൗൺസ്മെന്റ് സംവിധാനം കൊണ്ടുവരും, റെയിൽവേ ജീവനക്കാർക്കും സേവനദാതാക്കൾക്കും പുതിയ തിരിച്ചറിയൽ കാർഡും യൂണിഫോമും നൽകും എന്നൊക്കെയാണ് മറ്റു പ്രധാന തീരുമാനങ്ങൾ.

ഇതിനുപുറമെ എല്ലാ പ്രധാന സ്റ്റേഷനുകളിലും മുതിർന്ന ഉദ്യോഗസ്ഥനെ സ്റ്റേഷൻ ഡയറക്ടറായി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ ഡയറക്ടർക്ക് സാമ്പത്തികാധികാരം നൽകും. സ്റ്റേഷൻ മെച്ചപ്പെടുത്താൻ ഇദ്ദേഹത്തിന് തീരുമാനമെടുക്കാനാവും.

മലപ്പുറത്ത് വൻ ലഹരിവേട്ട; കരിപ്പൂരിലെ വീട്ടിൽനിന്ന് പിടികൂടിയത് ഒന്നരക്കിലോ എംഡിഎംഎ

മലപ്പുറം: കരിപ്പൂരിൽ വൻ എംഡിഎംഎ വേട്ട. കരിപ്പൂരിലെ ഒരു വീട്ടിൽനിന്ന് ഒന്നരക്കിലോ എംഡിഎംഎ പോലീസ് പിടിച്ചെടുത്തു. മയക്കുമരുന്ന് കേസിൽ എറണാകുളം മട്ടാഞ്ചേരി പോലീസിന്റെ കസ്റ്റഡിയിലുള്ള കരിപ്പൂർ മുക്കൂട്ട് മുള്ളൻ മടക്കൽ ആഷിഖി(27)ന്റെ വീട്ടിൽനിന്നാണ് എംഡിഎംഎ പിടികൂടിയത്.

കഴിഞ്ഞ ജനുവരിയിൽ മട്ടാഞ്ചേരി പോലീസ് നടത്തിയ റെയ്ഡുകളിൽ എംഡിഎംഎ ഉൾപ്പെടെയുള്ള ലഹരിമരുന്നുകളുമായി ഒരു യുവതി അടക്കം ആറുപേരെ അറസ്റ്റ് ചെയ്തിരുന്നു. തുടർന്നാണ് ഇവർക്ക് എംഡിഎംഎ വിതരണം ചെയ്തിരുന്ന പ്രധാനിയായ ആഷിഖും മട്ടാഞ്ചേരി പോലീസിന്റെ പിടിയിലായത്. ഒമാനിൽ അഞ്ചുവർഷമായി സൂപ്പർമാർക്കറ്റ് ലീസിനെടുത്ത് നടത്തുകയായിരുന്ന ആഷിഖ്, ഒമാനിൽനിന്ന് കുറഞ്ഞവിലയ്ക്ക് വാങ്ങുന്ന എംഡിഎംഎയാണ് കൊച്ചി, കരിപ്പൂർ വിമാനത്താവളങ്ങൾ വഴി കടത്തിയിരുന്നത്. ഭക്ഷ്യവസ്തുക്കൾക്കുള്ളിലും ഫ്ളാസ്ക്കുകളിലും ഒളിപ്പിച്ചായിരുന്നു എംഡിഎംഎ കടത്തിയത്. തുടർന്ന് ഇയാൾ കേരളത്തിലെത്തിയെന്ന വിവരം ലഭിച്ചതോടെ മട്ടാഞ്ചേരി പോലീസ് ഇയാളെ പിടികൂടുകയായിരുന്നു.

ആഷിഖിനെ വിശദമായി ചോദ്യംചെയ്തതിൽനിന്നാണ് ഇയാളുടെ വീട്ടിൽ സൂക്ഷിച്ച എംഡിഎംഎ പിടിച്ചെടുത്തത്. എയർകാർഗോ വഴിയാണ് ഇയാൾ ഒന്നരക്കിലോ എംഡിഎംഎ വിദേശത്തുനിന്ന് കേരളത്തിലേക്ക് കടത്തിയിരുന്നതെന്ന് പോലീസ് പറഞ്ഞു.

ബസ്സോടിച്ചുകൊണ്ടിരിക്കെ ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു

പാലാ (കോട്ടയം): ഡ്രൈവിങ്ങിനിടെ സ്വകാര്യ ബസ് ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു. നിയന്ത്രണംവിട്ട ബസ് മരിത്തിലിടിച്ച് വിദ്യാർഥികളടക്കം 20 പേർക്ക് പരിക്കേറ്റു. പാലായ്ക്ക് സമീപം ഇടമറ്റത്ത് ഇന്ന്രാവിലെ 7നായിരുന്നു സംഭവം.

പൈക-പാലാ-ചേറ്റുതോട് റൂട്ടിൽ സർവീസ് നടത്തുന്ന സ്വകാര്യ ബസായ കുറ്റാരപ്പള്ളിയുടെ ഡ്രൈവർ ഇടമറ്റം കൊട്ടാരത്തിൽ രാജേഷ് (43) ആണ് മരിച്ചത്. ഡ്രൈവർ കുഴഞ്ഞ് വീണപ്പോൾ ബസ് നിയന്ത്രണംവിട്ട് തെങ്ങിലിടിക്കുകയായിരുന്നു.

യാത്രക്കാരിൽ പരിക്കേറ്റ മൂന്നുപേരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റുള്ളവരെ പാലാ ജനറൽ ആശുപത്രിയിലും ഭരണങ്ങാനത്തെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ശരീരത്തിലെ പഞ്ചസാരയുടെ അളവ് കുറഞ്ഞതിനെ തുടർന്നാണ് ഡ്രൈവർ കുഴഞ്ഞ് വീണതെന്നാണ് കരുതുന്നത്.

ട്രംപിനൊത്ത എതിരാളിയെ തിരഞ്ഞെടുത്ത് കാനഡ, മാർക്ക് കാർണി പ്രധാനമന്ത്രിയാകും

ഒട്ടാവ: ജസ്റ്റിൻ ട്രൂഡോയ്ക്ക് ശേഷം ഇനി കാനഡയെ നയിക്കുക മാർക്ക് കാർണി. ലിബറൽ പാർട്ടി ലീഡർഷിപ്പ് വോട്ടിൽ 85.9 ശതമാനം വോട്ടുംനേടിയാണ് 59കാരനായ മാർക്ക് കാർണി കാനഡയുടെ പ്രധാനമന്ത്രി പദവിയ്ക്ക് അർഹത നേടിയത്. ബാങ്ക് ഓഫ് ഇംഗ്ളണ്ടിന്റെയും ബാങ്ക് ഓഫ് കാനഡയുടെയും മുൻ ഗവർണറായിരുന്നു കാർണി. മികവാർന്ന ഒരു രാഷ്ട്രീയ പശ്ചാത്തലം പറയാനില്ലാത്തയാളാണ്. ട്രൂഡോയുടെ കീഴിൽ ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന ക്രിസ്റ്റ്യ ഫ്രീലാൻഡിനെയാണ് മാർക്ക് കാർണി പരാജയപ്പെടുത്തിയത്.

അമേരിക്കൻ പ്രസിഡന്റ് ട്രംപിൽ നിന്നും കാനഡയ്ക്ക് നേരെ നിരന്തരമായി ഉണ്ടാകുന്ന ഭീഷണികൾക്കെതിരെ കൃത്യമായ നിലപാട് തന്റെ വിജയശേഷമുള്ള പ്രസംഗത്തിൽ മാർക്ക് പ്രഖ്യാപിച്ചു. 'അമേരിക്കക്കാർ നമ്മുടെ വിഭവങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നു. നമ്മുടെ വെള്ളം, നമ്മുടെ ഭൂമി, നമ്മുടെ രാജ്യം ഇതെല്ലാം അവരാഗ്രഹിക്കുന്നു. കനേഡിയൻ കുടുംബങ്ങളെയും ബിസിനസുകളെയും തൊഴിലാളികളെയും ആക്രമിക്കാൻ ട്രംപ് ശ്രമിക്കുന്നു. അതിൽ അയാൾക്ക് വിജയിപ്പിക്കാൻ സാദ്ധ്യമല്ല.' മാർക്ക് കാർണി പറഞ്ഞു.

ട്രംപിനെതിരെ കാനഡയെ പ്രതിരോധിക്കാൻ താനാണ് മികച്ചയാൾ എന്ന് പറഞ്ഞാണ് പ്രധാനമന്ത്രി പദവിയിലേക്ക് വേണ്ട ക്യാമ്പയിൻ മാർക്ക് കാർണി തുടങ്ങിയതുതന്നെ. കാനഡയെ അമേരിക്കയോട് കൂട്ടിച്ചേർക്കുന്നതിനെ കുറിച്ച് മുൻപ് പ്രസിഡന്റ് പദവിയിലേറിയ സമയത്തെല്ലാം ട്രംപ് പ്രസംഗിച്ചിരുന്നു. നികുതി വർദ്ധനവിനെക്കുറിച്ചടക്കം പറഞ്ഞ ശേഷമാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്.

2008-2009 സമയത്ത് ആഗോളമാന്ദ്യം ശക്തമായപ്പോൾ ബാങ്ക് ഓഫ് കാനഡയെ നയിച്ചത് മാർക്ക് കാർണിയായിരുന്നു. 2016ലെ ബ്രെക്സിറ്റ് വോട്ടിംഗിനെ തുടർന്ന് രാജ്യത്ത് പ്രക്ഷുബ്ദമായ അവസ്ഥ നിലനിന്നപ്പോഴും ബാങ്ക് ഓഫ് ഇംഗ്ളണ്ടിനെ നയിച്ചതും മാർക്ക് കാർണിയാണ്.

ഗാസയെ പുതുക്കാൻ 53 ബില്ല്യൺ ഡോളർ; ട്രംപിനെ തള്ളി അറബ് രാഷ്ട്രങ്ങൾ മുന്നോട്ടുവെച്ച പദ്ധതി

ടെൽഅവീവ്: 2023 ഒക്ടോബറിലാണ് ഇസ്രയേലും ഹമാസും തമ്മിലുള്ള യുദ്ധം ആരംഭിക്കുന്നത്. യുദ്ധം ഒന്നര വർഷത്തോടടുക്കുമ്പോൾ ഗാസ നാമാവശേഷമായ സ്ഥിതിയിലാണുള്ളത്. ആയിരക്കണക്കിന് ആളുകൾ ഗാസയിൽ കൊല്ലപ്പെട്ടു, പരിക്കേറ്റു. അതിലേറപേർ ഗാസയിൽ നിന്ന് പലായനം ചെയ്തു. യുദ്ധത്തിൽ വീടുകളും കെട്ടിടങ്ങളും താറുമാറായി. ലോകത്തെ തന്നെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നായ ഗാസ താമസയോഗ്യമല്ലാതെ തകർന്നു. വെടിനിർത്തലും ബന്ദി കൈമാറ്റവും ഒരു വശത്ത് തുടരുകയാണെങ്കിലും യുദ്ധം പൂർണമായും എന്ന് അവസാനിക്കുമെന്ന് ഇപ്പോഴും പറയാറായിട്ടില്ല. താൽക്കാലിക വിരാമത്തിനപ്പുറം ഇരുകൂട്ടരും യുദ്ധത്തിന്റെ പേരിൽ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. എങ്കിലും യുദ്ധം അവസാനിച്ചാൽ ഗാസയെ വീണ്ടെടുക്കാനുള്ള ചർച്ചകളും സജീവമായിത്തുടങ്ങി. തകർന്ന് തരിപ്പണമായ ഗാസയെ ഏറ്റെടുത്ത് പുനർനിർമിക്കാമെന്നാണ് ട്രംപിന്റെ വാഗ്ദാനം. അതിനായി 21 ലക്ഷം ഗാസക്കാരെ ഒഴിപ്പിക്കേണ്ടതുണ്ട്. ഏറെക്കുറേ അപ്രായോഗികമായ ട്രംപിന്റെ പ്ലാനിന്റെ കടയ്ക്കൽ തന്നെ അറബ് രാഷ്ട്രങ്ങൾ കത്തിവെച്ചു. അമേരിക്കയുടെ സഹായം വാങ്ങി പോക്കറ്റിലാക്കുന്നുണ്ടെങ്കിലും ട്രംപിന് വിരുദ്ധമായൊരു ബദൽ പദ്ധതിയുമായി ഈജിപ്ത് രംഗത്തെത്തിയിരിക്കുകയാണ്. പദ്ധതി മധ്യപൂർവദേശത്തെ രാജ്യങ്ങൾ അംഗീകരിച്ചാൽ ട്രംപിന് കൂടി സ്വീകാര്യമായ രീതിയിൽ നയതന്ത്ര വഴിയിലൂടെ അവതരിപ്പിച്ച് ട്രംപിന്റെ കൂടെ അംഗീകാരം നേടാനാണ് അറബ് രാജ്യങ്ങളൊരുങ്ങുന്നത്. ഈജിപ്ത് മുന്നോട്ടുവെച്ച ഗാസ പ്ലാൻ എന്താണ്, എന്തുകൊണ്ടാണ് ട്രംപിന്റെ പ്ലാൻ നിരാകരിക്കപ്പെട്ടത്? ഗാസയുടെ ഭാവിയെന്താവും?

എന്താണ് ഈജിപ്തിന്റെ ഗാസ പ്ലാൻ?

യുദ്ധം തകർത്ത ഗാസയെ അഞ്ചോ ആറോ വർഷം കൊണ്ട് പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയാണ് ഈജിപ്ത് മുന്നോട്ടുവെച്ചത്. ട്രംപിന്റെ പദ്ധതിയിൽ നിന്ന് വിഭിന്നമായി ഗാസയിലെ ജനങ്ങളെ മേഖലയിൽ നിന്ന് ഒഴിപ്പിക്കാതെ പുതിയ ഗാസയെ വാർത്തെടുക്കുകയാണ് ലക്ഷ്യമെന്ന് ഈജിപ്ത് പ്രസിഡന്റ് അബ്ദേൽ ഫത്താ എൽ സിസി അറബ് ഉച്ചകോടിയിൽ വ്യക്തമാക്കിയിരുന്നു. ഇസ്രയേൽ തകർത്ത ഗാസയുടെ പുനർനിർമാണം ലക്ഷ്യമിട്ടാണ് അറബ് രാജ്യങ്ങളുടെ അടിയന്തര ഉച്ചകോടി ഈജിപ്ഷ്യൻ തലസ്ഥാനമായ കെയ്റോയിൽ ചേർന്നത്. ബലപ്രയോഗത്തിലൂടെ ഗാസയിൽ സമാധാനം കൈവരിക്കാനാകില്ലെന്നും സുരക്ഷാ ഉദ്യാഗസ്ഥർക്ക് പരിശീലനം നൽകാൻ ഈജിപ്ത് തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

ജനങ്ങളെ ഒഴിപ്പിച്ച് അമേരിക്കൻ ഭരണത്തിന് കീഴിൽ ഗാസയെ പുനർനിർമിക്കാമെന്ന ട്രംപിന്റെ പദ്ധതിക്ക് ബദലായാണ് ഈജിപ്ത് തങ്ങളുടെ പദ്ധതി അവതരിപ്പിച്ചത്. പലസ്തീൻ ജനതയ്ക്ക് ഉള്ളതെല്ലാം കൂട്ടിപ്പെറുക്കി നാട് വിടേണ്ടി വരില്ലെന്നതാണ് ഈജിപ്ത് പദ്ധതിയുടെ പ്രധാന ആകർഷണം. ഇസ്രയേൽ പൂർണമായും തകർത്ത ഗാസയെ പുനർനിർമിക്കാനും സമാധാനവും സുരക്ഷയും നിലനിർത്തിക്കൊണ്ട് പലസ്തീൻ അതോറിറ്റിയുടെ ഭരണം പുനഃസ്ഥാപിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഏതാണ്ട് 17 വർഷങ്ങൾക്ക് മുൻപാണ് ഗാസയിൽ അധികാരം കൈയാളിയിരുന്ന പലസ്തീൻ അതോറിറ്റി ഈ മേഖലയിൽ നിന്ന് പുറത്താക്കപ്പെട്ടത്. ഫത്തയും ഹമാസും തമ്മിലുള്ള പോരാട്ടത്തെ തുടർന്നായിരുന്നു പലസ്തീൻ അതോറിറ്റി ഗാസയിൽ നിന്ന് പുറത്താക്കപ്പെട്ടത്.

20കാരിയെ കൊലപ്പെടുത്തിയെന്ന കേസ്; 14 വർഷത്തെ ജയിൽശിക്ഷക്കു ശേഷം പ്രതിയെ കുറ്റവിമുക്തനാക്കി കോടതി

കട്ടക്: 20-കാരിയെ കൊലപ്പെടുത്തിയ കേസിൽ 14 വർഷത്തെ ജയിൽശിക്ഷയ്ക്കു ശേഷം യുവാവിനെ കുറ്റവിമുക്തനാക്കി ഒറീസ ഹൈക്കോടതി. 20-കാരിയായ യുവതിയെ കൊലപ്പെടുത്തി എന്ന കേസിൽ ശിക്ഷിക്കപ്പെട്ട 42-കാരനായ മദൻ കൻഹറിനെയാണ് കോടതി വെറുതെവിട്ടത്.

2005-ലായിരുന്നു കേസിന് ആസ്പദമായ സംഭവം. ഫുൽബാണി ഗ്രാമത്തിലുള്ള തന്റെ വസതിയിൽ നിന്ന് വിറക് ശേഖരിക്കാൻ പോയതായിരുന്നു 20കാരി. ഏറെ നേരം വൈകിയിട്ടും തിരികെ വരാത്തതിനെ തുടർന്ന് യുവതിയുടെ അമ്മ നടത്തിയ അന്വേഷണത്തിലാണ് കാട്ടിൽ യുവതിയുടെ മൃതദേഹം കണ്ടെത്തിയത്. തലയ്ക്കും ശരീരത്തിലെ മറ്റ് ഭാഗങ്ങളിലും യുവതിക്ക് പരിക്കേറ്റിരുന്നു.

യുവതിയും മദൻ കൻഹറും തമ്മിൽ ഏതാനും ദിവസങ്ങൾക്ക് മുൻപ് തർക്കം നടന്നിരുന്നു. തുടർന്നാണ് സംശയത്തിന്റെ മുന മദനിലേക്ക് നീണ്ടത്. പിന്നീട് മദൻ കൻഹറിനെ പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. ജില്ലാ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചതോടെ ഹൈക്കോടതിയിൽ മദൻ അപ്പീൽ നൽകി. തുടർന്ന് ഹൈക്കോടതി 2019-ൽ മദന് ജാമ്യം അനുവദിച്ചു.

ദൃക്സാക്ഷി മൊഴികളിലെ പൊരുത്തക്കേടുകളും തെളിവുകളുടെ അഭാവവും ചൂണ്ടിക്കാട്ടിയാണ് കോടതി പ്രതിയെ വെറുതേവിട്ടത്. ഇത് മദൻ കൻഹറിന്റെ നിരപരാധിത്വത്തിലേക്കാണ് വിരൽചൂണ്ടുന്നതെന്ന് ഒറീസ ഹൈക്കോടതി ചൂണ്ടിക്കാട്ടി. പോസ്റ്റ്മോർട്ടത്തിൽ 20കാരിയുടെ മരണം കൊലപാതകമാണെന്ന് സ്ഥിരീകരിച്ചെങ്കിലും മദന് ഇതിൽ പങ്കുണ്ടെന്നതിന് തെളിവില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു.

കഞ്ചാവ് വിറ്റുണ്ടാക്കിയ പണംകൊണ്ട് കേരളത്തിൽ സ്വന്തമായി ഭൂമിയും ആഡംബര വീടും, ബീഹാർ സ്വദേശി അറസ്റ്റിൽ

പാലക്കാട്: കഞ്ചിക്കോട്ട് വീട്ടിൽ ക്കഞ്ചാവ് സൂക്ഷിച്ച ബീഹാർ സ്വദേശി അറസ്റ്റിൽ. ബീഹാർ സുൽത്താൽപൂർ സ്വദേശിയും കഞ്ചിക്കോട് കൊയ്യാമരക്കാട് സ്ഥിരമായി താമസിക്കുന്നയാളുമായ യാസീൻ അൻസാരി (32) ആണ് അറസ്റ്റിലായത്. ഇയാളുടെ പക്കൽ നിന്ന് 1.7 കിലോ കഞ്ചാവ് പിടിച്ചെടുത്തു.

9വർഷം മുൻപാണ് തൊഴിൽ തേടി അൻസാരി കഞ്ചിക്കോട് എത്തിയത്. തുടക്കത്തിൽ ചെറിയ ചെറിയ ജോലികളായിരുന്നു ചെയ്തിരുന്നത്. പിന്നീട് കട വാടകയ്ക്ക് എടുത്ത് കച്ചവടം ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികൾക്കായി നിരോധിത പുകയില ഉത്പന്നങ്ങളുടെ വിൽപനയിലൂടെയായിരുന്നു തുടക്കം. പിന്നീട് കഞ്ചാവ് വിൽപന പതിവാക്കി. ഇപ്പോൾ പിടികൂടിയ കഞ്ചാവ് തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ എത്തിച്ചതാണെന്നാണ് ഇയാൾ പൊലീസിന് മൊഴി നൽകിയത്. കഞ്ചാവ് വിൽപനയിലൂടെ ലഭിച്ച പണം കൊണ്ട് ഇയാൾ കഞ്ചിക്കോട് ഭൂമി വാങ്ങി ആഡംബര വീട് നിർമിക്കുകയും ചെയ്തു. ഇയാൾക്കെതിരെ മുൻപും ലഹരിക്കേസുകൾ ചുമത്തിയിട്ടുള്ളതായി പൊലീസ് പറഞ്ഞു. പ്രതിയെ കോടതിയിൽ ഹാജരാക്കി.

മൃതദേഹങ്ങൾ ഉണങ്ങിയ നിലയിൽ; എന്തിന് ഇത് ചെയ്തു?; പ്രതീക്ഷകളെല്ലാം ആ പൊട്ടിയ ഫോണിൽ

കാസർകോട് പൈവളിഗെയിൽ പതിനഞ്ചുകാരിയെയും അയൽവാസിയെയും മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിലെ ദുരൂഹതകൾ ഇനിയും നീങ്ങുന്നില്ല. അവിവാഹിതനാണ് 42കാരനായ പ്രദീപ്. ഓട്ടോ ഡ്രൈവറായിരുന്നു. മൂന്നാഴ്ച മുൻപാണ് ഇരുവരെയും കാണാതായത്. ഇന്നലെയാണ് പെൺകുട്ടിയുടെ വീടിനോട് ചേർന്നുള്ള തോട്ടത്തിലെ മരത്തിനുമുകളിൽ ഇവരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. ഇരുവരും തമ്മിൽ സൗഹൃദത്തിലായിരുന്നു എന്നാണ് വിവരം. പക്ഷേ എന്തിനാണ് ഇരുവരും ജീവനൊടുക്കിയത് എന്ന് വ്യക്തമല്ല.

മരണം ആത്മഹത്യയാണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ഇരുപത് ദിവസത്തിലധികം പഴക്കമുള്ള മൃതദേഹങ്ങൾ ഉണങ്ങിയ നിലയിലാണ് കണ്ടെത്തിയത്. കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു പോസ്റ്റ്മോർട്ടം നടന്നത്. കൂടുതൽ പരിശോധനയ്ക്കായി മൃതദേഹ അവശിഷ്ടങ്ങൾ ഫോറൻസിക് ലാബിലേക്ക് അയച്ചു.

മൃതദേഹങ്ങൾ കണ്ട സ്ഥലത്ത് ചോക്ലേറ്റും കത്തിയും പൊട്ടിയ മൊബൈലും കണ്ടെത്തി. മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത നിലയിലായിരുന്നു. ഈ ഫോണുകൾ പരിശോധിച്ചാൽ എന്തെങ്കിലും തുമ്പ് കിട്ടുമെന്ന പ്രതീക്ഷയിലാണ് പൊലീസ്.

പെൺകുട്ടിയുടെ കുടുംബവുമായി അടുത്ത ബന്ധമായിരുന്നു പ്രദീപിനുണ്ടായിരുന്നത്. അവനിങ്ങനെ ചെയ്യുമെന്ന് കരുതിയില്ല എന്നാണ് പെൺകുട്ടിയുടെ അമ്മ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജുഡീഷ്യൽ സർവ്വീസിൽ അഡ്വക്കേറ്റ് ക്ലാർക്ക്മാർക്ക് സംവരണം ഏർപ്പെടുത്തണം

വി.വിശ്വനാഥൻ, ജില്ലാ സെക്രട്ടറി എൻ.രവീന്ദ്രൻ, ജില്ലാ പ്രസിഡണ്ട് വി.സുജിത്കുമാർ, ജില്ലാ ട്രഷറർ

തൃശൂർ: ജുഡീഷ്യൽ സർവ്വീസിൽ അഡ്വക്കേറ്റ് ക്ലാർക്ക്മാർക്ക് നിശ്ചിതശതമാനം സംവരണം ഏർപ്പെടുത്തണമെന്നും ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കണമെന്നും ഫിസിക്കൽ ഫയലിംഗ് നിർത്തലാക്കരുതെന്നും നിലവിലുള്ള ക്ഷേമനിധി വർദ്ധനവിനോടൊപ്പം സർക്കാർ നടപ്പിലാക്കേണ്ട ക്ഷേമനിധി പ്രീമിയം ക്ഷേമനിധി സ്റ്റാമ്പ് വിഹിതം വർദ്ധനവ് സംബന്ധിച്ചുള്ള ബില്ല് അടിയന്തിരമായി പാസാക്കണമെന്നും ക്ഷേമനിധി പെൻഷൻ മറ്റാനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നും കേരള അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡണ്ട് ടി.എൻ. രവീന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ജില്ലാസമ്മേളനം തൃശൂർ എം. എൽ.എ. പി.ബാലചന്ദ്രൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി വി. കെ.രാജേന്ദ്രൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശൂർ ബാർ അസോസിയേഷൻ പ്രസിഡണ്ട് എം.വി.ഗോപാലകൃഷ്ണൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.ഡി.രാജപ്പൻ, സംസ്ഥാന സെക്രട്ടറി പി. വി. സന്തോഷ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ.അബൂബക്കർ, സി.പി.പോൾസൺ, എ.വി. ഷിബു, ജില്ലയിലെ 7 യൂണിറ്റുകളിലെ പ്രസിഡണ്ടുമാരായ പി.കെ.പ്രദീപ്കുമാർ (തൃശ്ശൂർ), ഇ.ടി. ബഷീർ (ചാലക്കുടി), എൻ.വി. ആന്റപ്പൻ (കൊടുങ്ങല്ലൂർ), ടി.ആർ.അജിത്ത്കുമാർ (ചാവക്കാട്), പി.പി. വിശ്വംഭരൻ (കുന്നംകുളം), ദിലീപ് വി.എസ് നായർ (വടക്കാഞ്ചേരി), സുധ മുരളി (ഇരിങ്ങാലക്കുട) എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

സമ്മേളനത്തിൽ വെച്ച് അമ്പതുവർഷമായി സേവനം ചെയ്തുവരുന്ന ക്ലാർക്കുമാരെ ആദരിക്കുകയും അഡ്വക്കേറ്റ് ഷാജൻ മാത്യു (മുൻ മെമ്പർ), അംഗങ്ങളുടെ മക്കളിൽ അഭിഭാഷകരായവർ, പ്രൊഫഷണൽ ബിരുദം നേടിയവർ, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ.പ്ലസ് നേടിയവർ, കലാകായിക മത്സരങ്ങളിൽ പ്രതിഭ തെളിയിച്ചവർ എന്നിവരെ അനുമോദിക്കുകയും ചെയ്തു.

2025 -2028 കാലത്തെ ജില്ലാ ഭാരവാഹികളായി ടി.എൻ.രവീന്ദ്രൻ (പ്രസിഡണ്ട്), വി.വിശ്വനാഥൻ (സെക്രട്ടറി), വി.സുജിത്കുമാർ (ട്രഷറർ), പി.എൽ. ഷാജു, കെ.ബി.കൃഷ്ണദാസ് (വൈസ് പ്രസിഡണ്ടുമാർ), പി.കെ.സുരേഷ്, ജലജ മണി (ജോ.സെക്രട്ടറിമാർ), ചിന്തു ചന്ദ്രൻ, സി.എസ്.അനിലാക്ഷി (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരെയും അച്ചടക്ക സമിതി അംഗങ്ങളായി പി.പി.രണദിവെ, എം.എൻ.നാരായണൻ, ഐ. കെ.ഗജു എന്നിവരെയും ഓഡിറ്റർമാരായി സി.എ.സലീഷ്, സി. പി. ഷീല എന്നിവരെയും സംസ്ഥാന കമ്മിറ്റി അംഗങ്ങളായി പി.വി.സന്തോഷ്, എ.വി. ഷിബു, ഉഷ ജോർജ്ജ് എന്നിവരെയും തിരഞ്ഞെടുത്തു.

സമ്മേളനത്തിന് ജില്ലാ സെക്രട്ടറി വി.വിശ്വനാഥൻ സ്വാഗതം ആശംസിക്കുകയും ജില്ലാ ട്രഷറർ കെ.എൻ. രാമചന്ദ്രൻ അനുശോചന പ്രമേയം അവതരിപ്പിക്കുകയും ജില്ലാ ജോ.സെക്രട്ടറിമാരായ വി.സുജിത്കുമാർ, പി.വിജീഷ്, ജില്ലാ എക്സിക്യൂട്ടീവ് മെമ്പർ പി.കെ. സുരേഷ് എന്നിവർ പ്രമേയങ്ങൾ അവതരിപ്പിക്കുകയും ജില്ലാ വൈസ് പ്രസിഡണ്ട് പി. എൽ.ഷാജു നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സ്ത്രീകൾ പ്രതിരോധനിര ഉയർത്തണം: കലാമണ്ഡലം ക്ഷേമവതി

തൃശ്ശൂർ: സ്ത്രീ സമൂഹത്തിന് നേരെയുള്ള പുരുഷ ആധിപത്യ ആക്രമണം ഉൾപ്പെടെയുള്ളവർക്കെതിരെ ശക്തമായ പ്രതിരോധനിര ഉയർത്താൻ സ്ത്രീ സമൂഹം തയ്യാറാകണമെന്ന് പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി അഭിപ്രായപ്പെട്ടു.

തൃശ്ശൂർ സാംസ്കാരിക അക്കാദമി പ്രസ് ക്ലബ് ഹാളിൽ സംഘടിപ്പിച്ച വനിത ദിനാചരണ സ്നേഹാദര ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ക്ഷേമാവതി.

സർഗ്ഗ പ്രതിഭകളായ 14 വനിതകളെ ആദരിച്ചു സ്ത്രീ ശാക്തീകരണം സംബന്ധിച്ച് സംവാദവും ഉണ്ടായി.

സാംസ്കാരിക അക്കാദമി പ്രസിഡന്റ് അഡ്വക്കേറ്റ് ബെന്നി അധ്യക്ഷത വഹിച്ചു. എൻ ഐ ടി സി എം ഡി കെ പി മനോജ് കുമാർ പ്രഭാഷണം ചെയ്തു.

അഡ്വക്കേറ്റ് എഡ്വിന ബെന്നി, സിനിമാതാരം ഷിജി പ്രദീപ് മാധ്യമപ്രവർത്തകരായ താര അതിയേടത്ത്, സുജ ആർ മേനോൻ, അക്ഷിത രാജ്, പിന്നണി ഗായിക നിസരി നന്ദൻ, ഡോ. പി സരസ്വതി, വത്സല വാസുദേവൻ പിള്ള, ഡോ. സുമതി അച്യുതൻ, ശപഥ് തുടങ്ങിയവർ പ്രസംഗിച്ചു. മോഹൻദാസ് പാറപ്പുറത്ത് സ്വാഗതവും രാജൻ എലവത്തൂർ നന്ദിയും പറഞ്ഞു

തൃശൂർ സാംസ്കാരിക അക്കാദമി സംഘടിപ്പിച്ച വനിതാദിനാചരണ സമ്മേളനം പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി ഉദ്ഘാടനം ചെയ്യുന്നു

ജെ.സി.ഐ. ഇരിങ്ങാലക്കുട യുടെ 1 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

ഇരിങ്ങാലക്കുട: ജെ.സി.ഐ. ഇരിങ്ങാലക്കുടയുടെ 20-ാം വർഷ ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന 1 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടേയും ന്യൂ ഇയർ കാർണിവലിന്റേയും ഉദ്ഘാടനം ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനിയൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വെച്ച് ഇരിങ്ങാലക്കുട രൂപത ബിഷപ്പ്. മാർ. പോളി കണ്ണുക്കാടൻ നിർവഹിച്ചു. ജെ.സി.ഐ. ഇരിങ്ങാലക്കുട പ്രസിഡന്റ് ഡിബിൻ അമ്പൂക്കൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഠാണാ ജുമുമസ്ജിദ് ഇമാം കബിർ മൗലവി, ദേവസ്വം ബോർഡ് ചെയർമാൻ അഡ്വ. സി.കെ.ഗോപി, പ്രോഗ്രാം ഡയറക്ടർ വിപിൻ പാറേമക്കാട്ടിൽ, സെക്രട്ടറി ഷിജു കണ്ടംകുളത്തി, ട്രഷറർ സോണി സേവ്യർ, നിഷിന നിസാർ, ബിനോയ് സെബാസ്റ്റ്യൻ, മുൻ പ്രസിഡന്റുമാരായ ലിയോ പോൾ, ടെൽസൺ കോട്ടോളി, അഡ്വ. ഹോബി ജോളി,സീമ ഡിബിൻ.എന്നിവർ പ്രസംഗിച്ചു. ജൂനിയർ ചേമ്പർ ഇന്റർ നാഷ്ണലിന്റെ 2024 വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് റാഫേൽ പ്രോപ്പർട്ടീസ് ഉടമ റാഫേൽ പൊഴലി പറമ്പലിനും, ബിസിനസ് എക്സലൻസ് അവാർഡ് ജെ.പി. ട്രേഡിങ്ങ് കമ്പനി ഉടമ ബിനോയ് സെബാസ്റ്റ്യനും,ഫിലാൻ ത്രോ ഫിസ്റ്റ് അവാർഡ് വിപിൻ പാറേമക്കാട്ടിലിനും, ജെ.സി.ഐ. ഫാമിലി ഐക്കൺ അവാർഡ് നിസാർ അഷറഫ് - നിഷിന നിസാർ ദമ്പതികൾക്കും നൽകി. എ.കെ.പി.എ. ഫോട്ടോഗ്രാഫി സംസ്ഥാന മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ സാന്റോ വിസ്മയ,ബ്രാൻഡ് കീ എം.ഡി. അഞ്ജുമോൻ വെള്ളാനിക്കാരൻ എന്നിവരെ പൊന്നാടയണിച്ച് ആദരിച്ചു. തൃശൂർ റൂറൽ എസ്.പി. ഡോ. നവനീത് ശർമ്മ കജട പതാക ഉയർത്തി. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആളൂർ സ്വദേശിക്ക് നൽകുന്ന വീടിന്റെ താക്കോൽ ദാനം നടത്തി, തിരുവനന്തപുരം ഞഇഇ. യിലേക്ക് 20 ആധുനീക വീൽ ചെയറുകൾ നൽകി, ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലേക്ക് 4 കമ്പ്യൂട്ടറുകൾ നൽകി. നടന്ന കോളേജ് വിദ്യാർത്ഥികളുടെ ഡാൻസ് മൽസരത്തിൽ ക്രൈസ്റ്റ് കോളേജിന് ഒന്നാം സ്ഥാനം 25000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം 15000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സെന്റ് ജോസഫ്സ് കോളേജിനും മൂന്നാം സ്ഥാനീ 10000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും തരണനല്ലൂർ കോളേജിനും ലഭിച്ചു. ഗിന്നസ് സുബിഷിന്റെ നേതൃത്വത്തിലുള്ള ടീമിന്റെ ബാന്റ്, ഫ്യൂഷൻ, മെഗാ ഷോയും വർണ്ണ മഴയും ഉണ്ടായിരുന്നു

അമ്മമാരുടെ നൂൺ വാക്ക്

തൃശൂർ: മഹിള കോൺഗ്രസ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരിക്കും അക്രമത്തിനുമെതിരെ അമ്മമാരുടെ നൂൺ വാക്ക്ജന ശ്രദ്ധയാകർഷിച്ചു.

തൃശൂർ നടുവിലാലിൽ നിന്നാരംഭിച്ച നൂൺ വാക്ക് എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപ ദാസ് മുൻഷി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സർക്കാരിന്റെ രഹസ്യ പിൻതുണയോടെയാണ് ലഹരി അക്രമ സംഘങ്ങൾ പ്രവർത്തിക്കുന്നതെന്ന് ദീപാ ദാസ് മുൻഷി പറഞ്ഞു.

കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ എഴുപതിലേറെ പേർ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടു എന്നത് എല്ലാവരെയും ഭയപ്പെടുത്തുന്നതാണ്. സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം സി.പി.എം തകർത്തുകൊണ്ടിരിക്കുകയാണെന്നും അവർ കുറ്റപ്പെടുത്തി.

സംസ്ഥാന പ്രസിഡണ്ട് ജെബി മേത്തർ എം.പി, മുൻ എം.പി രമ്യ ഹരിദാസ്, സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ യു.വഹീദ,ആർ ലക്ഷ്മി, വി.കെ.മിനിമോൾ,രജനി രമാനന്ദ്, ജില്ലാ പ്രസിഡണ്ട് ടി.നിർമ്മല,സംസ്ഥാന ഭാരവാഹികളായ സുബൈദ മുഹമ്മദ്,സ്വപ്ന രാമചന്ദ്രൻ രാജലക്ഷ്മി കുറുമാത്ത് എന്നിവർ നേതൃത്വം നൽകിയ നൂൺ വാക്കിൽ നിരവധി സ്ത്രീകൾ പങ്കെടുത്തു.

വനിത ദിനാഘോഷം

ഇരിങ്ങാലക്കുട : കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ (കെ.എസ്. എസ്. പി. എ.) ഇരിങ്ങാലക്കുട മേഖല അന്താരാഷ്ട്ര വനിത ദിനാഘോഷം രാജീവ് ഗാന്ധി മന്ദിരത്തിൽ ഡി. സി. സി. ജനറൽ സെക്രട്ടറി സോണിയ ഗിരി ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ കമ്മറ്റി അംഗവും , വനിത ഫോറം നിയോജക മണ്ഡലം പ്രസിഡണ്ടുമായ കെ. കമലം അധ്യക്ഷത വഹിച്ചു. ജില്ല ജോ : സെക്രട്ടറി ജയ സുരേന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി . ജില്ല സെക്രട്ടറി ഡേവിഡ് സ്റ്റീഫൻ , ജില്ല വൈസ് പ്രസിഡണ്ട് ജോർജ് ഡി. മാളിയേക്കൽ , ഉദയൻ , എ.സി. സുരേഷ്, കെ.പി.മുരളീധരൻ , എ. വിജയലക്ഷ്മി, പി. സരള എന്നിവർ പ്രസംഗിച്ചു. ജില്ല സമ്മേളനത്തിൽ ആർട്സ് & സ്പോർട്സിൽ വിജയിച്ച മുഫിദയെ ആദരിച്ചു. വനിത അംഗങ്ങളുടെ വിവിധ കലാപരിപാടികളും നടന്നു.

പുതുക്കാട്: അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു JCI Trichur Green City യുടെ വനിതാ വിഭാഗം Chips Corner, Flamingo Entertainers എന്നിവരുമായി ചേർന്ന് മാർച്ച് 8 ന് SHEROS DAY സംഘടിപ്പിച്ചു രാത്രിയിൽ വനിതകളുടെ പിങ്ക് റാലി സംഘടിപ്പിച്ചു

SHEROS DAY യുടെ ഭാഗമായി വിവിധ മേഖലകളിൽ മികവ് തെളിയിച്ച സ്ത്രീകളെ WOW (Women of Worth) അവാർഡുകൾ നൽകി ആദരിച്ചു

Aqua Tony - Miss kerala Bold & Beautiful 2024 1st Runner-up (മോഡലിംഗ്), പ്രസീത മേനോൻ - Passion Petalz (വനിതാ സംരംഭക), സിനി ഐഡി - അംഗനവാടി ടീച്ചർ സംസ്ഥാന അവാർഡ് ജേതാവ് - (വിദ്യാഭ്യാസം) Caran Earnest Rodriguez സൂപ്പർ മോഡൽ ജൂനിയർ - (Jr Modelling), ഹരിത കർമ്മ സേന പുതുക്കാട് ഗ്രാമപഞ്ചായത്ത് - സാമൂഹ്യ പ്രതിബദ്ധത എന്നിവരെയാണ് ആദരിച്ചത് മുൻ എംപി രമ്യ ഹരിദാസ് തൃക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുന്ദരി മോഹൻദാസ് കൊടകര ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സതി സുധീർ ജെ സി ഐ ചെയർപേഴ്സൺ ജീൻ മേരി അരുൺ, പ്രിൻസി ജോബി എന്നിവർ പ്രസംഗിച്ചു.

ചന്തക്കുന്ന് വികസനം വൈകിപ്പിക്കുന്നത് യു.ഡി. എഫ് പദ്ധതിയായതു കൊണ്ടെന്ന് കേരള കോൺഗ്രസ്

ഇരിങ്ങാലക്കുട : ഠാണാ-ചന്തക്കുന്ന് വികസനം വൈകിപ്പിക്കുന്നത് യു. ഡി. എഫ് പദ്ധതിയായതുകൊണ്ടാണെന്ന് കേരള കോൺഗ്രസ് മുനിസിപ്പൽ മണ്ഡലം സമ്മേളനം കുറ്റപ്പെടുത്തി.

യു. ഡി. എഫ് ഗവണ്മെന്റ് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 11-2-2014, 8-9-2015 എന്നീ തിയതികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി 11 കോടി, 3കോടി തുകകളും നൽകി അക്വിസേഷൻ നടപടികൾ തുടങ്ങിയ പദ്ധതി 9 വർഷം താമസിപ്പിക്കുക വഴി L. D. F ജനങ്ങളോട് മാപ്പ് പറയണമെന്നും പദ്ധതി ഉടൻ പൂർത്തീകരിക്കണ മെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കെ. എസ്. ടി. പി നടത്തുന്ന തൃശൂർ-കൊടുങ്ങല്ലൂർ സംസ്ഥാന പാതയുടെ നിർമ്മാണം അശാസ്ത്രീമാണ്.ഇരിങ്ങാലക്കുട മുതൽ കരുവന്നൂർ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗതാഗതം താറുമാറാക്കുകയും കുടിവെള്ളപൈപ്പുകൾ പൊട്ടി കുടിവെള്ളക്ഷാമം രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ വൈകുന്നതിനാൽ ഈ ഭാഗങ്ങളിൽ വീടുകളുടെ താമസവും കടകളുടെ പ്രവർത്തനവും ക്ലേശകരമാകുകയും ചെയ്തിരിക്കുന്നുവെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിലൂടെ ചൂണ്ടിക്കാട്ടി.

യു. ഡി. എഫ് ഗവണ്മെന്റിന്റെ സംഭാവനയായ ജനറൽ ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം - സമ്മേളനം ആവശ്യപ്പെട്ടു.മുനിസിപ്പൽ പ്രദേശത്ത് യു. ഡി. എഫ് ഭരണകാലഘട്ടത്തിൽ ഒട്ടനവധി വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും മുൻ എം. എൽ. എ തോമസ് ഉണ്ണിയാടന്റെ നേതൃത്വത്തിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്നും ഇത് വേണ്ട രീതിയിൽ ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും സമ്മേളനം അംഗീകരിച്ച രാഷ്ട്രീയപ്രമേയത്തിൽ പറഞ്ഞു.

മുനിസിപ്പൽ മണ്ഡലം പ്രവർത്തക സമ്മേളനം പാർട്ടി ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പി. ടി. ജോർജ് അധ്യക്ഷത വഹിച്ചു.

സംസ്ഥാന വൈസ് ചെയർമാൻ എം. പി. പോളി, ജില്ലാ പ്രസിഡന്റ് സി. വി. കുര്യാക്കോസ്, സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ എം. കെ. സേതുമാധവൻ, സിജോയ് തോമസ്, ജോസ് ചെമ്പകശ്ശേരി,വനിതാ കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് മാഗി വിൻസെന്റ്, ഫെനി എബിൻ വെള്ളാനിക്കാരൻ,ആർതർ വിൻസെന്റ്, വിവേക് വിൻസെന്റ്, ലാലു വിൻസെന്റ്, അജിത സദാനന്ദൻ, സതീഷ്. കെ,എം. എസ്. ശ്രീധരൻ മുതിരപ്പറമ്പിൽ, എബിൻ വെള്ളാനിക്കാരൻ,ലിംസി ഡാർവിൻ, ലാസർ കോച്ചേരി, എ. ഡി. ഫ്രാൻസിസ്,ഒ. എസ്. ടോമി, റാണി കൃഷ്ണൻ വെള്ളാപ്പിള്ളി, ഷീല ജോയ്, ലില്ലി തോമസ് നോബിൾ. പി. വി, യോഹന്നാൻ കൊമ്പാറക്കാരൻ എന്നിവർ പ്രസംഗിച്ചു.

റമള്ളാൻ പഠന ക്ലാസുകൾക്ക് തുടക്കമായി

തൃശൂർ : ആത്മസംസ്കരണത്തിന്റെ പൂക്കാലം എന്ന സന്ദേശവുമായി മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്തിന്റെ നേതൃത്വത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന റമളാൻ കാമ്പയിനിന്റെ ഭാഗമായുള്ള റമളാൻ പഠന ക്ലാസുകൾക്ക് തുടക്കമായി. മഹല്ല് ഖത്വീബ് കബീർ നിസാമി ക്ലാസെടുത്തു. നിരവധി വിശ്വാസികൾ പങ്കെടുത്തു. അത്യന്തം കലുഷിതമായ വർത്തമാന കാലഘട്ടത്തിൽ പുതുതലമുറയെ ആത്മീയ പാതയിൽ വഴി നടത്തേണ്ടുന്നതിന്റെ ആവശ്യകതയെ കുറിച്ച് അദ്ദേഹം പ്രതിഭാധിച്ചു.

സി. ഒ. പൗലോസ് മാസ്റ്റർ അനുസ്മരണം വിജയിപ്പിക്കുക

തൃശൂർ: സിപിഐ(എം) ന്റെ സംസ്ഥാന കമ്മിറ്റിയംഗവും മുതിർന്ന ട്രേഡ് യൂണിയൻ നേതാവും പാർലമെന്റ് അംഗവുമായിരുന്ന സ: സി.ഒ. പൗലോസ് മാസ്റ്റർ നമ്മെ വിട്ടു പിരിഞ്ഞിട്ട് 2025 മാർച്ച് 12ന് 12 വർഷം തികയുകയാണ്. അഞ്ചര പതിറ്റാണ്ടിലേറെ കാലം പൊതുരംഗത്ത് നിറഞ്ഞുനിന്ന രാഷ്ട്രീയ, ട്രേഡ് യൂണിയൻ രംഗത്ത് അവിസ്മരണീയ സംഭാവന നൽകിയ കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു പൗലോസ് മാസ്റ്റർ.

മാർച്ച് 12ന് ഏരിയ,ലോക്കൽ, ബ്രാഞ്ച് കേന്ദ്രങ്ങളിലും രാവിലെ പ്രഭാതഭേരി സംഘടിപ്പിച്ച് പതാക ഉയർത്തും. പൗലോസ് മാസ്റ്റർ അനുസ്മരണ യോഗം മാർച്ച് 12 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് തൃശൂർ അഴീക്കോടൻ സ്മാരക ഹാളിൽ നടത്തും. അനുസ്മരണ യോഗം സിപിഐ(എം) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ:പി.കെ.ബിജു ഉദ്ഘാടനം ചെയ്യും. സിപിഐ(എം) സംസ്ഥാനകമ്മിറ്റി അംഗങ്ങൾ അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കും. പൊതുജീവിതത്തിലെ വ്യത്യസ്ത മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയവർക്ക് നൽകുന്ന സി. ഒ.പൗലോസ് ഫൗണ്ടേഷന്റെ ഈ വർഷത്തെ പുരസ്കാരം അനുസ്മരണ സമ്മേളനത്തിൽ വെച്ച് സിപിഐ(എം) ന്റെ തൃശൂർ ജില്ലയിലെ മുതിർന്ന നേതാവ് അമ്പാടിവേണുവിന് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പി.കെ.ബിജു സമർപ്പിക്കും.25,000രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

ജില്ലയിലെ മുഴുവൻ പാർടി അംഗങ്ങളും പ്രവർത്തകരും ബഹുജനങ്ങളും സിഒപൗലോസ്മാസ്റ്റർ ദിനചരണ പരിപാടികളിൽ പങ്കാളികളാകണമെന്ന് സിപിഐ(എം) ജില്ലാ സെക്രട്ടറി അഭ്യർത്ഥിച്ചു.

പത്തേമാരി പ്രവാസി സംഗമവും സമാദരണവും നടത്തി

ചാവക്കാട് : പത്തേമാരിയിലും, കപ്പലിലുമെല്ലാം ഏറെ ദുരിതവും പ്രതി സന്ധികളും അതിജീവിച്ച് ഗൾഫിലേക്ക് യാത്ര ചെയ്തവരുടെ ത്യാഗോജ്വലമായ ധൈര്യവും പരിശ്രമവും കൊണ്ടാണ് നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും, കുടുംബങ്ങൾക്കും,നാടിനും വളർച്ചയുണ്ടാക്കിയതെന്ന് സാമൂഹികപ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. വടക്കേകാട് മേഖലയിലെ പത്തേമാരി സംഗമവും, യാത്രക്കാരുടെ ആദരിക്കൽ ചടങ്ങും ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു. പത്തേമാരി പ്രവാസി സമിതി പ്രസിഡന്റ് അബ്ബു തടാകം അദ്ധ്യക്ഷത വഹിച്ചു.

കിണറ്റിലേക്ക് ഇറങ്ങി കുഞ്ഞിനെ സാഹസികമായി രക്ഷപ്പെടുത്തിയ സുഹറ മുഹമ്മദിനെ പത്തേമാരി പ്രവാസി സമിതി ജനറൽ സെക്രട്ടറി ഷെരീഫ് ഇബ്രാഹിമും ഭാര്യ സുഹറയും ചേർന്ന് പുരസ്ക്കാരം നൽകി ആദരിച്ചു. ബേബി മാലിക്,കുവൈറ്റ് കുഞ്ഞിമൊയ്തു, സക്കരിയ(ചൈന), പി. കെ.സെയ്താലികുട്ടി,സലാഹു കുമ്പളത്തറയിൽ, മുഹമ്മദ് തെക്കേപ്പാട്ടയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

മെഡിക്കൽ കോളേജിൽ എൻഡോസ്കോപ്പിക് വർക്ക്ഷോപ്പ് നടത്തി

തൃശൂർ: അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8, 2025,നു തൃശൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വകുപ്പ് ഫോക്സി യുടെ ഈഗിൾ പ്രോജെക്ടും ടോഗസുമായി സഹകരിച്ചു എൻഡോസ്കോപ്പിക് വർക്ക്ഷോപ്പ് നടത്തി. മെഡിക്കൽ കോളേജിന്റെ വൈസ് പ്രിൻസിപ്പൽ ഡോ. ബി. സനൽ കുമാർ ആണ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തത്. ഒബിജി വകുപ്പ് മേധാവി ഡോ. നിഷി റോഷിനി കെ. സ്വാഗത പ്രസംഗം നടത്തി ഡോ. ദീപക് എ വി നന്ദി അറിയിച്ചു. അനസ്തേഷ്യ വകുപ്പ് മേധാവി ഡോ ബാബുരാജ് മറ്റു, ഡോക്ടർ മാരായ. ഡോ സുനിൽ, ഡോ. പ്രസീദ തുടങ്ങിയവർ ഇതിൽ ഭാഗമായി. ഒബ്സ്റ്റട്രിക്സ്ൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള ഡോ. നരേന്ദ്രനാഥ് മെമ്മോറിയൽ ക്യാഷ് അവാർഡ്. ഡോ. ഫാഹിമതസ് നീം, ദേവിക ദാസ്, അനഘ ബി. ഫ്, സിബിൻ എസ് എന്നിവർക്കു വൈസ് പ്രിൻസിപ്പൽ സമ്മാനിച്ചു. വർക്ക്ഷോപ്പിൽ ഗൈനക്കോളജിസ്റ്റുകളും പി ജി വിദ്യാർത്ഥികളുംപങ്കെടുത്തു ഡോ. അശ്വത് കുമാർ, ഡോ. സന്ദീപ് ദത്ത റോയ് എന്നിവരാണ് വർക്ക്ഷോപ്പിനു നേതൃത്വം നൽകിയത് ശസ്ത്രക്രിയാ കഴിവുകൾ വർദ്ധിപ്പിക്കാനും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുള്ള ഈ സംരംഭം, മെഡിക്കൽ പ്രൊഫഷണലുകൾക്കും രോഗികൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നു.

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP (MV) 483/2024

രാജേഷ് സി എ @ രാജേഷ്
-ഹരജിക്കാരൻ
അബ്ദുൾസലീം., S/o അബ്ദുൾ കരീം, മാവുങ്കൽ ഹൗസ്, കാളക്കെട്ടി അഴുത, കനമല പി ഒ., കോട്ടയം, കേരള-686510
-1-ാം എതൃകക്ഷി
മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര കേസ് **12-05-2025** തിയ്യതിക്